**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5150** **02-11-2021 - ൽ മറുപടിയ്ക്ക്**

**കുളങ്ങളുടെയും തോടുകളുടെയും സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കുളങ്ങളുടെയും തോടുകളുടെയും സംരക്ഷണത്തിനായി കൃഷിവകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; | (എ) | കൃഷി വകുപ്പിന്റെ കീഴിൽ നബാർഡിന്റെ ധനസഹായത്തോടെയുള്ള RIDF സ്കീം, കേന്ദ്രാവിഷ്കൃത പദ്ധതിയായ RKVY സ്കീം, PMKSY സ്കീം എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി വിവിധ കുളങ്ങളുടേയും തോടുകളുടേയും സംരക്ഷണ പ്രവൃത്തികൾ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു. കൂടാതെ സംസ്ഥാനത്തെ വിവിധ കുളങ്ങളുടെ/ ചിറകളുടെ സംരക്ഷണത്തിനായി കൃഷി വകുപ്പിന്റെ കീഴിൽ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപറേഷൻ (കെ.എൽ.ഡി.സി.) രൂപം കൊടുത്ത സഹസ്രസരോവർ പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ കുളങ്ങളുടേയും തോടുകളുടേയും നവീകരണ പ്രവൃത്തികൾ കെ.എൽ.ഡി.സി. മുഖേന നടപ്പിലാക്കി വരുന്നു. ജലാശയങ്ങളുടെയും നീരുറവകളുടെയും പുനരുജ്ജീവന പദ്ധതയിൽ ഉൾപ്പെടുത്തി പെരുമാട്ടി പഞ്ചായത്തിലെ ഭൂഗർഭ ജലവിതാനം പരിപോഷിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, കുളങ്ങൾ/നീരുറവകളുടെ പുനരുദ്ധാരണം, നദികളുടെ കൈവഴികളുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ എന്നീ പദ്ധതികളും, നീർത്തടാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളിൽ ഉൾപ്പെട്ട കുളങ്ങളുടെയും ചാലുകളുടെയും തോടുകളുടെയും സംരക്ഷണവും പുനരുദ്ധാരണ പ്രവർത്തനങ്ങളും സംസ്ഥാനത്തുടനീളം മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേനനയും നടപ്പിലാക്കി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ കൃഷിവകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണ്; | (ബി) | നബാർഡ് ആർ.ഐ.ഡി.എഫ് പദ്ധതിയുടെ XXII-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി മൈലത്തടി നീർത്തട പദ്ധതിയിലും, ആർ.ഐ.ഡി.എഫ് പദ്ധതിയുടെ XXV-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി ചെറുമല പാലയ്ക്കാത്തടം നീർത്തട പദ്ധതിയിലും ഉൾപ്പെടുത്തി തോടുകളുടെ സംരക്ഷണ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. |
| (സി) | പ്രസ്തുത പദ്ധതിയിൽ ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള കുളങ്ങളും ഉൾപ്പെടുത്തി നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ? | (സി) | NABARD RIDF, RKVY പദ്ധതിയിൻ കീഴിൽ പാടശേഖരവുമായി ബന്ധപ്പെട്ട കുളങ്ങളുടെയും തോടുകളുടെയും സംരക്ഷണ പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്. പഞ്ചായത്ത് അധീനതയിലുള്ള പൊതു കുളങ്ങളുടെ നവീകരണ പ്രവൃത്തികളാണ് സഹസ്രസരോവർ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നത്. ക്ഷേത്രക്കുളങ്ങൾ നവീകരിക്കുന്നത് മൂലം കാർഷികമേഖലയുടെ ജലസേചന സൗകര്യത്തിനും, ഭൂജല വിതാനം ഉയർത്തുന്നതിനും, സംരക്ഷണത്തിനും സഹായകമാകും എന്ന് ബോധ്യപ്പെടുന്നപക്ഷം വാട്ടർ ഷെയറിംഗ് കരാറിന്റെയും പ്രിസിപ്പൽ കൃഷി ഓഫീസറുടെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ ക്ഷേത്രക്കുളങ്ങളുടെ നവീകരണ പ്രവൃത്തികളും, സഹസ്രസരോവർ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാവുന്നതാണ്. പൊതു ജല സ്രോതസ്സുകൾക്കും, കുളങ്ങൾക്കും പുറമേ പഞ്ചായത്തിന്റെ അസ്സറ്റ് രജിസ്റ്ററിൽ ഉൾപ്പെട്ട കുളങ്ങളും, സ്വകാര്യ വ്യക്തികൾ സർക്കാരിലേക്ക് വിട്ടുനൽകിയ പ്രദേശത്തെ കുളങ്ങളും പുനരുദ്ധരിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് നിലവിൽ നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ